# കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി ഭവനം, സി.വി രാമൻപിള്ള റോഡ്,
വെള്ളയമ്പലം, തിരുവനന്തപുരം, കേരള, പിൻ- 695 010
ഫോൺ:0471 2735544, ഫാക്സ്: 0471 2735599,
വെബ്സൈറ്റ്: www.erckerala.org ഇ-മെയിൽ: kserc@erckerala.org


തീയതി :20.07.2023

## പൊതുതെളിവെടുപ്പ് 25ന്

ഇലക്ട്രിസിറ്റി ആക്റ്റ് 2003ലെ സെക്ഷൻ 42 പ്രകാരം ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നതിനായുള്ള ഫോറമായ കൺസ്യൂമർ ഗ്രീവൻസ് റിഡ്രസ്സൽ ഫോറത്തിന്റെയും, ഇലക്ട്രിസിറ്റി ഓംബുഡ്സ്മാന്റെയും പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന റഗുലേഷനുകൾ ഒക്ടോബർ 2005ൽ പ്രസിദ്ധീകരിച്ചിട്ടുണ്ടായിരുന്നു. കൂടാതെ പ്രസ്തുത റഗുലേഷൻസ് 2007, 2008, 2010, 2011, 2014, 2016, 2020, വർഷങ്ങളിൽ ഭേദഗതി ചെയ്തിട്ടുണ്ടായിരുന്നു. ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സിന്റെ ഭാഗമായ കേന്ദ്ര സർക്കാർ ഇലക്ട്രിസിറ്റി (റൈറ്റ്സ് ഓഫ് കൺസ്യൂമേഴ്സ്) റൂൾസ്, 2020ൽ പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത റൂൾസിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ 2005ലെ റഗുലേഷൻ നവീകരിക്കുകയും കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (കൺസ്യൂമർ ഗ്രീവൻസ് റിഡ്രസ്സൽ ഫോറം ആന്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ) റഗുലേഷൻസ്, 2023ന്റെ കരട് കമ്മീഷന്റെ വെബ്സൈറ്റിൽ (www.erckerala.org) മെയ്, 2023ന് പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. ഇതു സംബന്ധിച്ചിട്ടുള്ള പൊതുതെളിവെടുപ്പ് ജൂലൈ 25ന് കമ്മീഷന്റെ തിരുവനന്തപുരത്തുള്ള കോർട്ട് ഹാളിൽ വച്ച് രാവിലെ 10:30 മണിക്ക് നടത്തുന്നതാണ്. ഇതുകൂടാതെ ടി പൊതുതെളിവെടുപ്പിൽ നേരിട്ട് പങ്കെടുക്കാൻ സാധിക്കാത്തവർക്ക് വീഡിയോ കോൺഫറൻസ് മുഖാന്തിരവും പങ്കെടുക്കാവുന്നതാണ്. വീഡിയോ കോൺഫറൻസ് മുഖാന്തിരം പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ ജൂലൈ 24ന് ഉച്ചയ്ക്ക് 12 മണിക്ക് മുൻപായി, പേരും വിശദവിവരങ്ങളും ഫോൺ നമ്പർ സഹിതം കമ്മീഷൻ സെക്രട്ടറിയെ kserc@erckerala.org എന്ന ഇ-മെയിൽ മുഖാന്തിരം അറിയിക്കേണ്ടതാണ്. കൂടാതെ തപാൽ മുഖേനയും ഇ-മെയിൽ (kserc@erckerala.org) മുഖേനയും പൊതുജനങ്ങൾക്ക് അഭിപ്രായങ്ങൾ രേഖപ്പെടുത്താവുന്നതാണ്. തപാൽ/ ഇ-മെയിൽ (kserc@erckerala.org) മുഖേന അയയ്ക്കുന്ന അഭിപ്രായങ്ങൾ സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ, കെ.പി.എഫ്.സി ഭവനം, സി.വി.രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം 695 010 എന്ന വിലാസത്തിൽ ജൂലൈ 25ന്, 05:00 PM വരെ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു.

സെക്രട്ടറി